**RCS/3125/2020-CP (3)**

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
ജവഹർ സഹകരണ ഭവൻ
തിരുവനന്തപുരം, തീയതി: 11.08.2020
വെബ് സൈറ്റ്-www.cooperation.kerala.gov.in
ഇ-മെയിൽ: keralarcs.coop@kerala.gov.in
ടെലിഫോൺ-0471-2330726/2331891

## സർക്കുലർ നമ്പർ: 58/2020

വിഷയം:- സഹകരണ വകുപ്പ്- റബ്ബർ കർഷകർക്ക് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വായ്പ നൽകുന്ന പദ്ധതി - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 12.5.2020 ലെ സഹ-സി2/150/2020-സഹ നമ്പർ കത്ത്

സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് “rain guarding“ ഏർപ്പെടുത്തുന്നതിന് സബ്സിഡി നിരക്കിൽ വായ്പ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നൽകി റബ്ബർ കർഷകരെ സഹായിക്കണമെന്ന റബ്ബർ ബോർഡിന്റെ അപേക്ഷ പ്രകാരം വായ്പാ നിബന്ധനകൾ പുറപ്പെടുവിക്കുന്നതിന് സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വായ്പകൾ അനുവദിക്കാവുന്നതാണ്.

- റബ്ബർ കർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, 25000-/രൂപ വരെ 7% പലിശ നിരക്കിലും 25000/- രൂപക്ക് മുകളിൽ 50000/- രൂപ വരെ 9% പലിശ നിരക്കിലും വായ്പ അനുവദിക്കാവുന്നതാണ്.
- വായ്പയുടെ കാലാവധി പരമാവധി 6 മാസമായിരിക്കുന്നതാണ്. (സംഘത്തിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മേൽ വായ്പകൾ പലിശ രഹിതമായോ,

കുറഞ്ഞ പലിശയിലോ നൽകുന്നത് സംബന്ധിച്ച് സംഘത്തിന് തീരുമാനി ക്കാവുന്നതാണ്.)

- ടി കാലാവധിക്കുള്ളിൽ വായ്പ തിരികെ അടക്കാത്തപക്ഷം സഹകരണ സംഘം രജിസ്ട്രാറുടെ നിലവിലുള്ള സർക്കുലർ 41/19 വ്യവസ്ഥകളിലെ കാർഷികേതര വായ്പയുടെ പലിശ നിരക്ക്, പിഴപ്പലിശ എന്നിവ ബാധകമാവുന്നതാണ്.
- ജാമ്യവ്യവസ്ഥകൾ സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ നിലവിലെ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
- ടി വായ്പ അനുവദിക്കുന്നതിനായി ബന്ധപ്പെട്ട പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വായ്പാ ഉപനിബന്ധന തയ്യാറാക്കി ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സംഘങ്ങൾ/ബാങ്കുകൾ കർശനമായി പാലിക്കേണ്ടതാണ്.

ഒപ്പ്
ഡോ.നരസിംഹഗരി റ്റി.എൽ.റെഡ്ഡി ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ്**

1) ഗവൺമെന്റ് സെക്രട്ടറി, സഹകരണ വകുപ്പ് (ഉപരിപത്രം സഹിതം)
2) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
3) സഹകരണ ആഡിറ്റ് ഡയറക്ടർ, ,തിരുവനന്തപുരം
4) എല്ലാ അഡീഷണൽ രജിസ്ട്രാർമാരുടെ മേശപ്പുറത്ത്
5) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
6) എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ(ആഡിറ്റ് )മാർക്കും
7) എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും.
8) സഹകരണ വീഥി (പ്രസിദ്ധീകരണത്തിന് )
9) സഹകരണ ജർണൽ (പ്രസിദ്ധീകരണത്തിന് )
10) വെബ് സൈറ്റ്(പ്രസിദ്ധീകരണത്തിന് )
11) സ്റ്റോക്ക് ഫയൽ/സ്പെയർ